പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5003. 24.07.2015 ന് മറുപടിയ്ക്ക്.

## *സംസ്ഥാനത്തെ ഐ.റ്റി.ഐ.കൾ*

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.വി.ശശി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) 2014-15 വർഷം എത്ര സർക്കാർ ഐ.റ്റി.ഐ. കളിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ ട്രെയിനിംഗ് ഡയറക്ടറേറ്റ്, യൂണിഫോം സംഭരണം നടത്തിയിട്ടില്ല. എന്നാൽ ഐ.ടി.ഐ. കളിൽ യൂണിഫോം സ്റ്റോക്കുള്ളത് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) നിലവിൽ സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് (എസ്.വി. ടി.) അംഗീകാരമുള്ള ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി. )അംഗീകാരം നേടുന്നതിന് ഈ അധ്യയന വർഷം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) വിവിധ ഐ.ടി.ഐ. കളിലെ വിവിധ ട്രേഡുകൾക്ക് എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഘടകങ്ങളിൽ ഉൾപ്പെട്ട ഉപകരണ സംഭരണത്തിന് വേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത ബഡ്ജറ്റ് വിഹിതം പരിമിതപ്പെടുത്തി 21 ഐ.ടി.ഐ. കളിലെ വെൽഡർ, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള ഉപകരണ സംഭരണത്തിന് ജി.ഒ (ആർടി) നം.691/15/തൊഴിൽ തീയതി 27.5.2015 പ്രകാരം അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം സംഭരണ നടപടികൾ (ടെൻഡർ/ഇ-ടെൻഡർ, DGS&D/State RC) സ്വീകരിച്ചുവരുന്നു. |
| (സി) നിലവിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി. ഐ.കളെയും വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.കളെയും ഏകോപിപ്പിക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (സി) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളുടെ നിലവാരം മോശമാണെന്നും ആയതിനാൽ പ്രസ്തുത ഐ.ടി.ഐ. കൾ വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സബ്ജക്റ്റ് കമ്മിറ്റി-VII ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിതല, മന്ത്രിതല ചർച്ചകൾ |

നടത്തുകയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ രണ്ട് ഐ.ടി.ഐ.കൾ വകുപ്പിന് വിട്ട് നൽകുന്നതിനും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ ഐ.ടി.ഐ. കൾ പൂർണ്ണമായി വകുപ്പിന് വിട്ട് നൽകുന്നത് പ്രായോഗികമല്ലെന്നും പട്ടികജാതി വികസന വകുപ്പ് തലത്തിൽ ചർച്ചകൾ നടത്തിയശേഷം തീരുമാനിക്കാമെന്നും ധാരണയായിരുന്നു.

ഇതിന്റെ വെളിച്ചത്തിൽ 7.6.2014 തീയതിയിലെ സ.ഉ (എം.എസ്) നം. 64/14/തൊഴിൽ നമ്പരായ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലെ രണ്ട് ഐ.ടി.ഐ. കൾ വകുപ്പിന് കൈമാറുകയുണ്ടായി. എന്നാൽ പട്ടികജാതി വികസന വകുപ്പിൻകീഴിലെ ഐ.ടി.ഐ. കൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർനടപടികളൊന്നും തന്നെ പട്ടികജാതി വികസന വകുപ്പിൽ നിന്നും അറിയിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ